5. കരുനാഗപ്പള്ളി 110 KV സബ് സ്റ്റേഷനിൽ പുതിയ VCB സ്ഥാപിക്കൽ

6. 70 എണ്ണം 11 KV AB സ്വിച്ച് സ്ഥാപിക്കൽ.

കരുനാഗപ്പള്ളിയിൽ അനുവദിച്ച 5 കോടി രൂപയുടെ പദ്ധതി പ്രകാരം കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ നിന്ന് തെക്കുഭാഗം കിഴക്കുള്ള കരുനാഗപ്പള്ളി ടൗൺ ഏരിയയിലേക്ക് രണ്ടാമതൊരു 11 കെ.വി. ഫീഡർ വലിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്.

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

35 (3188) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാം കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(ബി) അതിനായി കേന്ദ്ര സർക്കാർ എന്തൊക്കെ സഹായങ്ങൾ നല്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ആകെ എത്ര മെഗാവാട്ട് വൈദ്യുതി നിലവിൽ ഉല്പാദിപ്പിക്കുന്നുണ്ട്;

(ഡി) കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, അഗളി, അട്ടപ്പാടി എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിലും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് സഹായങ്ങളൊന്നും ലഭിക്കുന്നില്ല.

(സി) നിലവിൽ കേരളത്തിൽ 34.875 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്നുണ്ട്.

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.

* മലയാളത്തിൽ നല്കിയത്.

LIBRARY ARCHIVES Kerala Legislative Assembly